# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2566 14.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആരോഗ്യകിരണം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യകിരണം പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വെച്ചിരുന്നതെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) ആരോഗ്യകിരണം പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ 15 കോടി രൂപയാണ് (പതിനഞ്ച് കോടി രൂപ) നീക്കിവെച്ചിരിയ്ക്കുന്നത്. ആരോഗ്യകിരണം വർഷാവർഷം തുടർന്നു പോകുന്ന ഒരു ചികിത്സാ പദ്ധതിയായതിനാൽ തുടക്കം മുതൽ കിട്ടിയ കോർപ്പസ് ഫണ്ടുകളുടെ ആകെ തുകയിൽ നിന്നുമാണ് രോഗികൾക്ക് ആവശ്യമുള്ള ചികിത്സ ചിലവ് നടത്തി വരുന്നത്. 2013 ഒക്ടോബർ മുതൽ 2015 ഒക്ടോബർ വരെ ആകെ ചിലവഴിച്ച തുക 9.05 കോടി രൂപ (ഒൻപത് കോടി അഞ്ചു ലക്ഷം രൂപ) ആണ്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ബി) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എല്ലാ മാസവും നടക്കുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ വിശദമായി അവലോകനം ചെയ്യാറുണ്ട്. ആരോഗ്യകിരണം പദ്ധതിയിലൂടെ ഇപ്പോൾ സംസ്ഥാനത്ത് ആകമാനമായി (ഒക്ടോബർ 2013 മുതൽ ഒക്ടോബർ 2015 വരെ) 69,56,518 കുട്ടികൾക്ക് വിവിധ സർക്കാരാശുപത്രികളിലായി 9.05 കോടി രൂപയുടെ (ഒൻപത് കോടി അഞ്ചു ലക്ഷം രൂപ) സഹായം ലഭ്യമാക്കിയിട്ടുണ്ട്. |

P. [signature]

സെക്ഷൻ ഓഫീസർ